**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 246 — 03.02.2020 ൽ മറുപടിക്ക്

**ക്ഷയരോഗനിർമ്മാർജ്ജനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എസ്.രാജേന്ദ്രൻ<br>,, ജോർജ് എം. തോമസ്<br>,, മുരളി പെരുനെല്ലി<br>,, സി.കെ.ശശീന്ദ്രൻ | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ക്ഷയരോഗനിർമ്മാർജ്ജനത്തിനായി ഈ സർക്കാർ നടപ്പിലാക്കി വരുന്ന പരിപാടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | കേരളത്തിന്റെ സുസ്ഥിര വികസനലക്ഷ്യങ്ങളുടെ ഭാഗമായി ക്ഷയരോഗമുക്ത കേരളത്തിനായുള്ള ഒരു കർമ്മ പദ്ധതിയ്ക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ക്ഷയരോഗ നിർമ്മാർജ്ജനത്തിനായുള്ള ഊർജ്ജിത കർമ്മപദ്ധതി 2018 ജനുവരി 3 മുതൽ ജനകീയ മുന്നേറ്റം വഴിയാണ് നടപ്പിലാക്കി വരുന്നത്. തദ്ദേശസ്വയം ഭരണ വകുപ്പിന്റെയും ആരോഗ്യവകുപ്പിന്റെയും സംയുക്ത നേതൃത്വത്തിൽ മറ്റ് വകുപ്പുകളേയും സ്വകാര്യ മേഖലയേയും സാമൂഹ്യസന്നദ്ധ പ്രവർത്തകരേയും ഏകോപിപ്പിച്ചുകൊണ്ട് "ക്ഷയരോഗമുക്തമായ എന്റെ കേരളം" എന്ന ലക്ഷ്യം മുൻനിർത്തിയുള്ള സംഘടിത കർമ്മ പദ്ധതിയാണ് നടപ്പിലാക്കി വരുന്നത്. ഇതിന്റെ ഭാഗമായി രോഗനിർണയത്തിനും ചികിൽസയ്ക്കും ആവശ്യമായ അടിസ്ഥാനവികസന സൗകര്യങ്ങൾ, നൂതനമായ രോഗനിർണയസംവിധാനമായ 20 സിബിനാറ്റ് മെഷ്യനുകൾ, പട്ടികവർഗ്ഗ ചേരിപ്രദേശങ്ങൾ സന്ദർശിക്കുന്ന 2 മൊബൈൽ മെഡിക്കൽ ലാബുകൾ, കോഴിക്കോട് മെഡിക്കൽ കോളേജിലെ Culture & DST സൗകര്യം സമൂഹത്തിലും ആശുപത്രികളിലുമുള്ള വായുജന്യരോഗപ്രതിരോധ സംവിധാനങ്ങൾ, ചികിൽസ പൂർത്തിയാക്കാൻ സഹായിക്കുന്ന ട്രീറ്റ്മെന്റ് സപ്പോർട്ട് ഗ്രൂപ്പുകൾ എന്നിവയും നടത്തിവരുന്നു.<br><br>ക്ഷയരോഗബാധിതർക്കായി ചികിത്സാ കാലയളവിൽ വിവിധ സാമൂഹ്യസുരക്ഷ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. വാർഷിക വരുമാനം ഒരുലക്ഷത്തിനു താഴെയുള്ള എല്ലാ ക്ഷയരോഗ ബാധിതർക്കും ചികിത്സാ കാലയളവിൽ സംസ്ഥാന റവന്യൂ വകുപ്പ് വഴി പ്രതിമാസം 1000 രൂപ പെൻഷൻ നൽകി വരുന്നു. ജില്ല പഞ്ചായത്തുകളുടെ പദ്ധതി വിഹിതത്തിനനുസരിച്ച് ജില്ലാ ടി.ബി സെന്ററുകൾ |

| | | | |
|---|---|---|---|
| | | | വഴി പോഷകാഹാരകിറ്റുകൾ നൽകുന്നു. നിർദ്ധനരായ ക്ഷയരോഗികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി നിശ്ചിത തുക എല്ലാ വർഷവും പദ്ധതിയേതര ശീർഷകത്തിൽ ഉൾപ്പെടുത്തി, അതിന് അർഹരായവർക്ക് നൽകി വരുന്നുണ്ട്. |
| (ബി) | ക്ഷയരോഗനിർമ്മാർജ്ജനത്തിനായി സ്വകാര്യമേഖലയുമായി ചേർന്ന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (ബി) | ക്ഷയരോഗ നിവാരണം എന്ന ലക്ഷ്യം കൈവരിക്കുന്നതിലേയ്ക്കായി കേരളത്തിന്റെ പൊതുമേഖലയും സ്വകാര്യ മേഖലയും സംയുക്തമായി വിഭാവനം ചെയ്ത പദ്ധതിയാണ് സ്റ്റെപ്പ്സ് (STEPS). ക്ഷയരോഗം സ്ഥിരീകരിക്കുന്ന രോഗികൾക്ക് അവർ അർഹിക്കുന്ന ശരിയായ ചികിത്സ തടസ്സമില്ലാതെ ലഭിക്കുവാൻ സഹായിക്കുന്ന ഒരു ഏകജാലക സംവിധാനമാണ് സ്റ്റെപ്പ്സ് പദ്ധതി [System for TB Elimination in Private Sector (STEPS)] സംസ്ഥാനത്തെ 320 സ്വകാര്യ ആശുപത്രികളിലൂടെ ഈ പദ്ധതി നടപ്പിലാക്കി വരുന്നു. |
| (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ എന്തെല്ലാം ബോധവത്ക്കരണ പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വിശദമാക്കാമോ: | (സി) | ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻമാർ നേതൃത്വം നൽകുന്ന ക്ഷയരോഗ നിർമ്മാർജ്ജന കർമ്മസേന രൂപീകരിക്കുകയും പരിശീലനം സിദ്ധിച്ച ആരോഗ്യ പ്രവർത്തകർ ഓരോ വീട്ടിലും എത്തി ക്ഷയരോഗത്തെക്കുറിച്ചുള്ള അവബോധം നൽകുകയും ക്ഷയരോഗബാധയ്ക്ക് വിദൂര സാധ്യതയെങ്കിലും ഉള്ള ഓരോരുത്തരേയും കണ്ടെത്തി വേണ്ടതായ സൗജന്യ പരിശോധനകൾ ചെയ്യുകയും, ക്ഷയരോഗം സ്ഥിരീകരിക്കപ്പെടുന്നവർക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുകയുംചെയ്യുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ 4 ജില്ലാപഞ്ചായത്തുകളിലൂടേയും, ഒരു നഗരസഭയിലൂടേയും ക്ഷയരോഗികൾക്കായുള്ള പോഷകാഹാരപദ്ധതി നൽകിവരുന്നു. |
| (ഡി.) | 2025 ആകുന്നതോടെ കേരളം സമ്പൂർണ്ണമായി ക്ഷയരോഗമുക്ത സംസ്ഥാനമാകുമെന്ന് ലോകാരോഗ്യ സംഘടന വിലയിരുത്തിയിട്ടുണ്ടോ: വിശദാംശം നൽകുമോ? | (ഡി.) | ഉണ്ട്. 2019 ഒക്ടോബർമാസത്തിൽ കേരളം സന്ദർശിച്ച ലോകാരോഗ്യ സംഘടനയുടെ നേതൃത്വത്തിലുള്ള Joint Monitoring Mission, 2025 ഓടുകൂടി കേരളസംസ്ഥാനത്തിന് ക്ഷയരോഗനിർമ്മാർജ്ജനത്തിലെ സുസ്ഥിരവികസന ലക്ഷ്യങ്ങൾ കൈവരിക്കുവാൻ കഴിയുമെന്ന് വിലയിരുത്തിയിട്ടുണ്ട്. ഇതിനായി ക്ഷയരോഗാണുബാധ കണ്ടെത്തി ചികിൽസിക്കുന്ന Latent TB Infection Management (LTBI) നടപ്പിലാക്കണമെന്നും ലോകാരോഗ്യ സംഘടന സംഘം അഭിപ്രായപ്പെട്ടിട്ടുണ്ട്. |

Hari

സെക്ഷൻ ഓഫീസർ